**15 -ാം കേരള നിയമസഭ**

**14 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2989** **07-10-2025 - ൽ മറുപടിയ്ക്ക്**

**വടക്കാഞ്ചേരി മണ്ഡലത്തിലെ അകമല ഫോറസ്റ്റ് സ്റ്റേഷൻ പ്രവർത്തനം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. സേവ്യർ ചിറ്റിലപ്പിള്ളി** | | **ശ്രീ. എ. കെ. ശശീന്ദ്രൻ**<br>**(വനം-വന്യജീവി വകുപ്പ് മന്ത്രി)** | |
| (എ) | വടക്കാഞ്ചേരി മണ്ഡലത്തിലെ അകമല ഫോറസ്റ്റ് സ്റ്റേഷൻ പ്രവർത്തനം പൂർണ്ണതോതിൽ പുനഃസ്ഥാപിക്കുന്ന നടപടികളുടെ പുരോഗതി അറിയിക്കാമോ; | (എ) | വടക്കാഞ്ചേരി മണ്ഡലത്തിലെ അകമല ഫോറസ്റ്റ് സ്റ്റേഷൻ പ്രവർത്തനം പൂർണ്ണതോതിൽ പുനഃസ്ഥാപിക്കുന്നതിനുള്ള നടപടികൾ നിലവിൽ പരിഗണനയിൽ ഇല്ല. |
| (ബി) | മനുഷ്യ-വന്യജീവി സംഘർഷ ലഘൂകരണ തീവ്രയജ്ഞത്തിന്റെ ഭാഗമായി വടക്കാഞ്ചേരി മണ്ഡലത്തിൽ വിഭാവനം ചെയ്യുന്ന പ്രവൃത്തികൾ വിശദമാക്കാമോ; | (ബി) | മനുഷ്യ-വന്യമൃഗ സംഘർഷം ലഘൂകരണ തീവ്ര യജ്ഞത്തിന്റെ ഭാഗമായി വടക്കാഞ്ചേരി നിയോജക മണ്ഡലത്തിനു കീഴിലുള്ള 10 പഞ്ചായത്തുകളിലും, വടക്കാഞ്ചേരി മുൻസിപ്പാലിറ്റിയിലുമായി പരാതിപ്പെട്ടികൾ സ്ഥാപിക്കുകയും, ആയതിൽ 30.09.2025 വരെ ആകെ 244 പരാതികൾ ലഭിക്കുകയും ചെയ്തിട്ടുള്ളതാണ്. നിലവിൽ ടി പരാതികൾ തരം തിരിച്ച് ഡിവിഷൻ, റെയ്ഞ്ച് തലത്തിൽ തീർപ്പാക്കാവുന്ന പരാതികൾക്ക് മറുപടി നൽകുന്ന നടപടികൾ നടന്നുവരികയാണ്. |
| (സി) | മനുഷ്യ-വന്യജീവി സംഘർഷം വർദ്ധിച്ചുവരുന്ന സാഹചര്യത്തിൽ അകമല ഫോറസ്റ്റ് സ്റ്റേഷൻ പ്രവർത്തനം പൂർണ്ണതോതിൽ പുനഃസ്ഥാപിക്കുന്ന നടപടികൾ ഊർജ്ജിതപ്പെടുത്തുമോയെന്ന് വ്യക്തമാക്കാമോ? | (സി) | അകമല ഉൾപ്പെടുന്ന പ്രദേശങ്ങളിലെ മനുഷ്യ വന്യജീവി സംഘർഷം ലഘൂകരിക്കുവാനായി അകമല കേന്ദ്രീകരിച്ച് ഒരു സാറ്റലൈറ്റ് ആർ ആർ ടി പ്രവർത്തിച്ചു വരുന്നുണ്ട്. ടി ആർ ആർ ടി യിൽ ഒരു സെക്ഷൻ ഫോറസ്റ്റ് ഓഫീസർ, 4 ബീറ്റ് ഫോറസ്റ്റ് ഓഫീസർമാർ, 2 NMR വാച്ചർമാർ എന്നിവരുടെ സ്ഥിര സേവനം ലഭിക്കുന്നുണ്ട്. കൂടാതെ ബഹു. വടക്കാഞ്ചേരി എം.എൽ.എ-യുടെ ഫണ്ടിൽ നിന്നും ലഭിച്ച ഒരു വാഹനവും ടി ആർ ആർ ടി -യിൽ ലഭ്യമാണ്. |

സെക്ഷൻ ഓഫീസർ